# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

## സാന്നിധ്യം - കെ.വി. മോഹൻകുമാർ. ഐ.എ.എസ്

വിഷയം: പൊതു.വിദ്യാഭ്യാസം - ജീവനം – അന്യത്ര സേവനം പൂർത്തിയാക്കി മാതൃ വകുപ്പിൽ തിരികെയെത്തിയതിനിടയിലുള്ള കാലയളവ് ക്രമപ്പെടുത്തുന്നത് -സംബന്ധിച്ച്.

വായന:- 1)ഈ ആഫീസിലെ 10/08/2016 -ലെ ഡി5/3100/2016/ഡി.പി.ഐ നം. ഉത്തരവ്
2) ശ്രീ. മൊയ്തീൻ കുഞ്ഞി. കെ.എം - ന്റെ 16/08/2016 - ലെ അപേക്ഷ
3) ശ്രീ. അയൂബ്ഖാൻ. സി - യുടെ 23/08/2016 - ലെ അപേക്ഷ
4) ശ്രീ. ഹുസൈൻ. വി.എം - ന്റെ 18/08/2016- ലെ അപേക്ഷ

**ഉത്തരവ് നമ്പർ ഡി5/3100/2016/ഡി.പി.ഐ, തീയതി 24/09/2016**

സർവ്വ ശിക്ഷ അഭിയാനിൽ അന്യത്ര സേവനത്തിൽ തുടർന്നിരുന്ന താഴെ പറയുന്ന ഹെഡ്മാസ്റ്റർമാർ ടി ആഫീസുകളിൽ നിന്നും വിടുതൽ ചെയ്ത് മാതൃ വകുപ്പിൽ തിരികെ എത്തിയിരിക്കുന്നു. ടി ഹെഡ്മാസ്റ്റന്മാർക്ക് മാതൃവകുപ്പിൽ നിലവിൽ ഒഴിവുള്ള സ്ഥാപനങ്ങളിലേക്ക് താഴെ പറയുന്ന പ്രകാരം നിയമനം നൽകി വായന (1) പ്രകാരം ഉത്തരവ് നൽകിയിരുന്നു.

| ക്രമ നം. | പേര് | നിയമനം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ. മൊയ്തീൻ കുഞ്ഞി. കെ.എം | എ.ഇ.ഒ. എറണാകുളം |
| 2 | ശ്രീ. അയൂബ്ഖാൻ. സി | ജി.എച്ച്.എസ്.ബേത്തൂർപാറ കാസർഗോഡ് |
| 3 | ശ്രീ. ഹുസൈൻ. വി.എം | എം.ആർ.എസ്.മൂന്നാർ, ഇടുക്കി |

ശ്രീ. മൊയ്തീൻ കുഞ്ഞി. കെ.എം 07/08/2016 - നും, ശ്രീ. അയൂബ്ഖാൻ. സി - യും ശ്രീ. വി. എം. ഹുസൈനും യഥാക്രമം 06/08/2016 നും 09/08/2016 -നും നിയമനം ലഭിക്കുന്നതിന് ഈ ആഫീസിൽ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ. മൊയ്തീൻ കുഞ്ഞി. കെ.എം 16/08/2016 - ൽ എറണാകുളം ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസറായി ജോലിയിൽ പ്രവേശിച്ചു. ശ്രീ. അയൂബ്ഖാൻ. സി 16/08/2016 - ന് ജി.എച്ച്.എസ്. ബേത്തൂർപാറ

ഹെഡ്മാസ്റ്ററായി ജോലിയിൽ പ്രവേശിച്ചു. ശ്രീ. വി. എം. ഹുസൈൻ 18/08/2016 - ന് മൂന്നാർ എം.ആർ.എസിൽ ഹെഡ്മാസ്റ്ററായി ജോലിയിൽ പ്രവേശിച്ചു.അന്യത്ര സേവനം പൂർത്തിയാക്കിയ മാതൃ വകുപ്പിൽ തിരികെയെത്തിയതിനിടയിലുള്ള ദിവസങ്ങൾ ക്രമപ്പെടുത്തി നൽകണമെന്ന് വായന 2,3,4 പ്രകാരം മേൽ പ്രസ്താവിച്ച അദ്ധ്യാപകർ ഈ ആഫീസിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി അപേക്ഷകളുടെ അടിസ്ഥാനത്തിൽ അന്യത്ര സേവനം പൂർത്തിയാക്കി മാതൃ വകുപ്പിൽ തിരികെയെത്തി പുതിയ ലാവണ ത്തിൽ ജോലിയിൽ പ്രവേശിക്കുന്നത് വരെയുള്ള കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

ഒപ്പ്/

**സന്തോഷ്കുമാർ. ഡി**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**അംഗീകാരത്തോടെ //**

**സൂപ്രണ്ട്**

**സ്വീകർത്താവ്**

1. ബന്ധപ്പെട്ട സ്കൂൾ പ്രഥമാദ്ധ്യാപകർക്ക്
2. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
3. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക്
4. കരുതൽ ഫയൽ